# 'വിശുദ്ധിയിൽ നിലനിൽക്കുക'

## യോശുവ 3:5

''നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ; യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും.''

യഹോവയുടെ നിയമപ്പെട്ടകം ചുമന്നുകൊണ്ട് യാത്ര ചെയ്യുന്ന പുരോഹിതന്മാരോടും, ജനങ്ങളോടുമുള്ള യോശുവയുടെ വാക്കുകളാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. ലേവ്യപുസ്തകത്തിൽ പലവിധത്തിലുള്ള യാഗങ്ങളെക്കുറിച്ചും ശുദ്ധീകരണത്തെക്കുറിച്ചുമൊക്കെ നാം വായിക്കുന്നുണ്ടല്ലോ. പുരോഹിതന്മാർ തങ്ങളെത്തന്നെ ശുദ്ധീകരിച്ചശേഷമാകുന്നു ദൈവിക ശുശ്രൂഷകൾക്കായി പുറപ്പെടുന്നത് എന്ന് നാം വായിക്കുന്നു. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല.

സർവ്വശക്തനായ ദൈവം വിശുദ്ധിയിൽ അധിവസിക്കുന്നവനാണ്. അവിടുന്ന് പരിശുദ്ധനാണ്. ഈ കൃപായുഗത്തിലെ ശുദ്ധീകരണം നാം ചിന്തിക്കുകയാണെങ്കിൽ, പ്രധാനമായും മൂന്നു രീതികളിൽ ശുദ്ധീകരണം നടക്കുന്നതായി നമുക്ക് കാണാം. അവ ഏതൊക്കെയെന്ന് നോക്കാം:

### 1. യേശുവിന്റെ (ദൈവത്തിന്റെ) ആത്മാവിനാൽ

പരിശുദ്ധാത്മാവാകുന്ന ദൈവം ഏത് മനുഷ്യനെയും ശുദ്ധീകരിക്കുവാൻ ഇന്ന് ഈ ഭൂമിയിൽ വസിക്കുന്നുണ്ട്. ആ പരിശുദ്ധാത്മാവ് ഒരു പാപിയെ മാനസാന്തരാനുഭവത്തിലേക്ക് കൈപിടിച്ച് നടത്തുന്നവനാണ്. പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചുമൊക്കെ ബോധ്യം വരുത്തുന്നത് ഈ പരിശുദ്ധാത്മാവാകുന്നു. ഇതേ ആത്മാവിനാൽ തന്നെയാകുന്നു ഇന്ന് വിശ്വാസികളായ നാം ഓരോരുത്തരും രക്ഷയെ തിരിച്ചറിയാൻ ഇടയായതു തന്നെ.

### 2. യേശുവിന്റെ വചനം

രണ്ടാമതായി യേശുവിന്റെ വചനം. അത് ഒരുവന് പൂർണ്ണ രൂപാന്തരം കൊടുക്കുവാനും ശുദ്ധീകരിക്കുവാനും മതിയായതാകുന്നു. ഒന്നുമില്ലായ്മയിൽ, ഇന്നു കാണുന്നതെല്ലാം വിളിച്ചു വരുത്തിയത് ദൈവത്തിന്റെ തിരുവചനമായിരുന്നു. വചനം ദൈവം തന്നെയായിരുന്നുവെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു. ദൈവം തന്റെ വചനം അയച്ച് വിടുവിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു.

3. യേശുവിന്റെ രക്തം

അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ:1:7).

പ്രിയ ദൈവപൈതലേ ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ഭാഗ്യം ലഭിച്ച നാം ഓരോരുത്തരും ഈ പൂർണ്ണവിശുദ്ധിയിൽ തന്നെയാണോ ദൈവത്തെ ആരാധിക്കുന്നത് എന്ന് നമുക്ക് ഒന്ന് ശോധന ചെയ്യാം. ദൈവഹിതമല്ലാത്ത ഏതെങ്കിലും ഒരു ചെറിയ അശുദ്ധിയെങ്കിലും ഇന്നും നമ്മിലുണ്ടെങ്കിൽ ദഹിപ്പിക്കുന്ന അഗ്നിയായ നമ്മുടെ ദൈവത്തിന്റെ കയ്യിൽ കൊടുത്ത് സകല അശുദ്ധിയേയും ദഹിപ്പിച്ചുകളയാം. അങ്ങനെ കർത്താവിന്റെ കരങ്ങളിലെ തിളങ്ങുന്ന മുത്തുകളായി അനേകർക്ക് അനുഗ്രഹമായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പരാമർശം :
റോമർ 12:1–2

‘‘സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ.’’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 044